## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 7936

16.07.2014 ൽ മറുപടിയ്ക്ക്

# താൽക്കാലിക ഡെപ്പോസിറ്റ് കളക്ടേഴ്സിനെ തിരിച്ചെടുക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് നിയമിച്ച താൽക്കാലിക ഡെപ്പോസിറ്റ് കളക്ടർമാരെ പിരിച്ചുവിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. Daily Deposit Scheme, സ്വർണ്ണ വായ്പാ പദ്ധതി എന്നിവയ്ക്കുവേണ്ടി കളക്ഷൻ എടുക്കുന്നതിനാണ് കമ്മീഷൻ വ്യവസ്ഥയിൽ കളക്ഷൻ ഏജന്റുമാരെ നിയോഗിച്ചിരുന്നത്. ഈ രണ്ട് പദ്ധതിയും 01.06.2013 മുതൽ ബാങ്ക് നിർത്തൽ ചെയ്തിട്ടുള്ള സാഹചര്യത്തിലാണ് താൽക്കാലിക ഡെപ്പോസിറ്റ് കളക്ടർമാരെ പിരിച്ചുവിട്ടിട്ടുള്ളത്. |
| (ബി) പിരിച്ചുവിടപ്പെട്ട ജീവനക്കാരെ തിരിച്ചെടുക്കുന്നത് സംബന്ധിച്ച് ട്രേഡ് യൂണിയനുകളുമായി ഉണ്ടാക്കിയ ധാരണ, പ്രാവർത്തികമാക്കുമോ; | (ബി) ട്രേഡ് യൂണിയനുകളുമായി ഉണ്ടാക്കിയ ധാരണ പ്രകാരം 31.03.2014 വരെയുള്ള കാലയളവിൽ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി സേവിംഗ്സ് ബാങ്ക് ക്യാൻവാസ് ചെയ്യുന്നതിന് മാത്രമാണ് Daily Collection Agent മാരെ നിയോഗിച്ചിരുന്നത്. |

| | |
|---|---|
| (സി) പ്രസ്തുത ജീവനക്കാരെ എന്ന് ജോലിയിൽ തിരിച്ചെടുക്കുമെന്ന് അറിയിക്കുമോ? | (സി) ഇക്കാര്യത്തിൽ ബാങ്ക് തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ